(ഇ) 5 വാഹനങ്ങൾ. തിരുവനന്തപുരം സിറ്റി ജില്ല പരിധിയിൽ 2-ഉം കോഴിക്കോട് സിറ്റി ട്രാഫിക് പരിധിയിൽ 3-ഉം.

(എഫ്) കോഴിക്കോട് സിറ്റി ജില്ലാ പരിധിയിൽ മൂന്നുപേരും തിരുവനന്തപുരം സിറ്റി ജില്ല പരിധിയിൽ രണ്ട് പേരും വീതവും മരണപ്പെട്ടിട്ടുണ്ട്.

അഴിമതി ആരോപണത്തിന്മേലുള്ള വിജിലൻസ് അന്വേഷണം

197 (3830) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. സി. കൃഷ്ണൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് വരവിൽ കവിഞ്ഞ് സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ട മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ ; ആയവ അന്വേഷിക്കുന്നതിന് വിജിലൻസ് സംവിധാനം വിപുലപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഇപ്പോൾ അന്വേഷണം നേരിടുന്നവരെത്ര ; മന്ത്രിമാർ എത്ര ;

(ബി) മുൻ വനം വകുപ്പ് മന്ത്രിയും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായിരുന്ന സിവിൽ സർവ്വീസ് ഉദ്യോഗസ്ഥനും അഴിമതിക്കാരുടെ പേരുകൾ വെളിപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥന്മാർ പ്രഖ്യാപനം നടത്തിയവരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ ;

(സി) ഇതുസംബന്ധിച്ച് വിജിലൻസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ശേഖരിച്ച പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ ആരോപിക്കപ്പെട്ടവർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) ഔദ്യോഗിക പദവി ദുരപയോഗം ചെയ്തുവരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി ആരോപിക്കപ്പെട്ട ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചുള്ള അന്വേഷണങ്ങൾ നടന്നുവരുന്നു. ഇപ്പോൾ അന്വേഷണം നടക്കുന്നവയിൽ മന്ത്രിമാർ ആരും ഉൾപ്പെടുന്നില്ല. 35 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് കേസുകളും 53 ഉദ്യോഗസ്ഥരുടെ പേരിൽ വിജിലൻസ് അന്വേഷണങ്ങളും 10 ഉദ്യോഗസ്ഥരുടെ

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ സത്വരാന്വേഷണങ്ങളും നടന്നുവരുന്നു. വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദനവുമായി ബന്ധപ്പെട്ടവ അന്വേഷിക്കുന്നതിന് ഇപ്പോഴത്തെ വിജിലൻസ് സംവിധാനം പര്യാപ്തമാണ്.

(ബി) വിജിലൻസ് കേസുകളും അന്വേഷണങ്ങളുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർ പരാതിക്കാരിൽനിന്നും വിവരങ്ങൾ ശേഖരിക്കാറുണ്ട്. അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നവേളയിൽ മാത്രമേ ഇതിന്റെ പൂർണ്ണരൂപം ലഭ്യമാകുകയുള്ളൂ.

(സി) വിജിലൻസ് അന്വേഷണങ്ങളുടെ വെളിച്ചത്തിൽ വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതായി തെളിഞ്ഞവയിൽ വിജിലൻസ് ബ്യൂറോ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത കേസുകൾ അന്വേഷിച്ചുവരുന്നു. പ്രാഥമിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ 35 ഉദ്യോഗസ്ഥർക്കെതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസ് അന്വേഷിച്ചുവരുന്നു.

ആലപ്പുഴ -ചെട്ടിക്കുളങ്ങര പോലീസ് എയ്ഡ് പോസ്റ്റ്

198 (3832) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലപ്പുഴ ജില്ലയിലെ പ്രശസ്തമായ ചെട്ടിക്കുളങ്ങര ക്ഷേത്രത്തോട് ചേർന്ന് ഒരു സ്ഥിരം പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ചെട്ടികുളങ്ങര ദേവീ ക്ഷേത്രത്തിനോട് ചേർന്ന് ഇപ്പോൾ തന്നെ ദേവസ്വം ബോർഡ് വാർഡന്മാരെ നിയമിച്ചിട്ടുള്ളതാണ്. മാവേലിക്കര പോലീസ് സ്റ്റേഷനിൽനിന്നും മൂന്നര കിലോമീറ്റർ ദൂരത്തിനുള്ളിലാണ് ചെട്ടികുളങ്ങര ദേവീക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിൽ തിരക്ക് കൂടുതലുള്ള അവസരങ്ങളിൽ വനിതാ പോലീസ് അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കായി നിയമിക്കുന്നുണ്ട്. കൂടാതെ, ടി ക്ഷേത്രത്തിൽ സൂക്ഷിച്ചിട്ടുള്ള പട്ടാബുക്കിൽ എല്ലാ ദിവസങ്ങളിലും നൈറ്റ് പട്രോളിംഗിനു പോകുന്ന പോലീസ് ഉദ്യോഗസ്ഥർ ഒപ്പ് രേഖപ്പെടുത്താറുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ചെട്ടികുളങ്ങര ദേവീ ക്ഷേത്രത്തോടു ചേർന്ന് പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly